പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5827

03.11.2016-ൽ മറുപടിയ്ക്ക്

## വനിതാ എക്സൈസ് ഗാർഡ്

| ചോദ്യം<br>ശ്രീ.റ്റി.വി.രാജേഷ്: | | ഉത്തരം<br>ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കാറ്റഗറി നമ്പർ 534/2013, പി.എസ്.സി.റാങ്ക് ലിസ്റ്റിൽ നിന്നും എക്സൈസ് വകുപ്പിൽ എത്ര വനിതാ എക്സൈസ് ഗാർഡുമാരെ നിയമിച്ചിട്ടുണ്ട്; എത്ര ഒഴിവുകൾ നിലവിലുണ്ട്;എല്ലാ ഒഴിവുകളിലേക്കും നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | കാറ്റഗറി നം.534/2013 എന്നത് പുരുഷ സിവിൽ എക്സൈസ് ഓഫീസർമാരുടെ റാങ്ക് ലിസ്റ്റാണ്.വനിതാ എക്സൈസ് ഗാർഡുമാരുടെ (കാറ്റഗറി നമ്പർ 261/2014) നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും 154 വനിതാ സിവിൽ എക്സൈസ് ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. നിലവിൽ ഒഴിവുള്ള 32 എണ്ണം പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | വനിതാ എക്സൈസ് ഗാർഡ് നിയമനത്തിനായി അപേക്ഷ ക്ഷണിക്കുന്ന | (ബി) | 03.10.2015-ലെ ജി.ഒ(പി) നമ്പർ 178/2015/റ്റി.ഡി ഉത്തരവു പ്രകാരം എക്സൈസ് സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്തിട്ടുള്ളതും ആയതിൻ പ്രകാരം |

| | |
|---|---|
| സമയത്ത് മൂന്ന് മാസത്തെ പരിശീലനമാണ് പറഞ്ഞിരുന്നെങ്കിലും നിയമിക്കപ്പെട്ടശേഷം ആറ് മാസത്തെ പരിശീലനമാണ് നൽകി വരുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച വിശദാംശം നൽകുമോ? | പുരുഷ/വനിതാ സിവിൽ എക്സൈസ് ഓഫീസർമാരുടെ ട്രെയിനിംഗ് 180 പ്രവർത്തി ദിവസങ്ങളായി നിശ്ചയിച്ചിട്ടുള്ളതുമാണ്. 01.1.2015-ന് ശേഷം പുതിയതായി ജോലിയിൽ പ്രവേശിക്കുന്ന സിവിൽ എക്സൈസ് ഓഫീസർമാർക്ക് 180 ദിവസത്തെ പ്രീസർവ്വീസ് ട്രെയിനിംഗ് വിജയകരമായി പൂർത്തിയാക്കുന്ന മുറയ്ക്ക് മാത്രമേ സബ്സ്റ്റാന്റീവ് പോസ്റ്റിൽ നിയമനം നൽകാവൂ എന്ന് നിഷ്കർഷിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ